# PRE-BOARD EXAMINATION- 1 (2020-'21)

## MALAYALAM (മലയാളം CODE: 12)

**CLASS: X** **TIME: 3 hrs.**
**Max.Marks:80**

- Please check that this question paper contain **10 printed pages**
- Please check that this question paper contain **8** questions
- 15 Minutes time has been allotted to read this question paper.

The Question Paper is divided in to **TWO** sections:-

**Section A: Reading Comprehension,**
**Vocabulary Buiding& MCQ – 40 marks**

**Section B: Grammar, Composition &Literature**
**(Prose, Poetry& Non-detailed) – 40 marks**

## എ. വിഭാഗം/Section: A

**1. താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക (8x1=8)**

ഇടുക്കി ജില്ലയിലെ വനമേഖലയിൽ ജീവിക്കുന്ന ആദിവാസി വിഭാഗമാണ് മന്നാൻ. ഇവർ തമിഴ്നാട്ടിൽ നിന്നു വന്നു എന്നുവേണം കരുതാൻ. മധുര മീനാക്ഷിയാണ് ഇവരുടെ ആരാധനാമൂർത്തി. വ്യവസ്ഥാപിതമായ ഭരണക്രമമുള്ള അപൂർവം ആദിവാസി വിഭാഗങ്ങളിൽ ഒന്നാണിത്. രാജാവാണ് ഗോത്രത്തലവൻ. മന്നാൻ താമസിക്കുന്ന സ്ഥലത്തെ 'കുടി' എന്നാണ് അറിയപ്പെടുന്നത്. ഒരോ കുടിക്കും അധിപനുണ്ട്. "കാണിക്കാരനാണ് കുടിയുടെ അധിപൻ. ഇതു കൂടാതെ പെരിയ കുടിയാനവൻ, ഇളന്താരി, കുടിയാനവൻ, വലിയഇളന്താരി, ഇളയവട്ടം, തണ്ടക്കാരൻ തുടങ്ങിയ ഗോത്രസ്ഥാനികരുമുണ്ട്. ഇവരൊക്കെ ചേർന്നാണ് ഗോത്രസമൂഹത്തിലെ കാര്യങ്ങൾ തീരുമാനിക്കുന്നത്. മാന്നാന്മാർക്ക് ശക്തമായൊരു ഭരണസംവിധാനമുണ്ട്. ഇന്ത്യയിൽത്തന്നെ ആദിവാസികൾക്ക് രാജഭരണമെന്നത് അപൂർവ്വമായ കാര്യമാണ്. മാന്നാന്മാർക്ക് ഇപ്പോഴും രാജാവുണ്ട്. ഭരണത്തിന്റെ ആസ്ഥാനം ഇടുക്കി ജില്ലയിലെ കാഞ്ചിയാർ പഞ്ചായത്തിലെ കോവിൽ മലയാണ്. ഇടുക്കിയിലും പരിസര പ്രദേശങ്ങളിലുമുള്ള എല്ലാ മാന്നാൻമാരും കോവിൽമല രാജാവിന്റെ പ്രജകളാണ്. രാജാവ് ഭരണസൗകര്യത്തിനായി മന്നാൻ രാജ്യത്തെ

വിഭജിച്ചിട്ടുണ്ട്. തെക്കോട്ട് കാട്ടുരാജ്യം, ആയിരം പെരുങ്കുടി രാജ്യം, ഞെറ്റിലൊരു പുറം കോട്ടുരാജ്യം, ചെങ്കനാട്ടുമല രാജ്യം എന്നിങ്ങനെയാണ് ഈ വിഭജനം. രാജാധികാരം മരുമക്കത്തായ വ്യവസ്ഥയിൽ അധിഷ്ഠിതമാണ്. രാജാവ് മരിക്കുമ്പോൾ സഹോദരീ പുത്രനെ പ്രത്യേക ചടങ്ങുനടത്തി രാജാവായി അവരോധിക്കും. രാജാവിന്റെ ആസ്ഥാനമായ കാഞ്ചിയാർ മലയിലാണ് "കാലവൂട്ട് ഉത്സവം" നടക്കുന്നത്. വിളവെടുപ്പുത്സവമാണിത്. മാന്നാൻ കൂത്ത് നടത്തുന്നത് കാലവൂട്ട് ഉത്സവത്തിന്റെ ഭാഗമായാണ്. മന്നാന്മാരുടെ ഇടയിൽ പ്രചാരമുള്ള അനുഷ്ഠാന കലാരൂപമാണ് മന്നാൻകൂത്ത്. കാലവൂട്ട് എന്നും ഇതിന് പേരുണ്ട്. വിളവെടുപ്പുമായി ബന്ധമുള്ള കലാരൂപമാണിതെന്നു പറയാം. കോവിലന്റെയും കണ്ണകിയുടെയും കഥയാണ് കൂത്തിലെ പ്രമേയം. കാണിക്കാരന്റെ കുടിലിനോട് ചേർന്നുള്ള സ്ഥലം ഒരുക്കിയെടുത്താണ് കൂത്തിനുള്ള വേദി ഉണ്ടാക്കുന്നത്. പാവനമായ സ്ഥലമായാണ് ഗോത്രക്കാർ വേദിയെ കാണുന്നത്. മൺമറഞ്ഞുപോയ കാരണവന്മാരുടെ സാന്നിദ്ധ്യം വേദിയിലുണ്ടാവുമെന്നാണ് സങ്കല്പം. അതുകൊണ്ട് തന്നെ കളിസ്ഥലം ഇടക്കിടെ വെള്ളം തളിച്ച് ശുദ്ധമാക്കും. തളിക്കാനുള്ള ജലം വേദിയുടെ ഒരു ഭാഗത്തായി മൺകുടത്തിൽ വെക്കും. കളി തുടങ്ങുന്നതിനു മുമ്പായിത്തന്നെ വേദിയിൽ സമുദായത്തിലെ പ്രാമാണികർ സ്ഥാനം പിടിച്ചിരിക്കും. കൂത്ത് ആരംഭിക്കുന്നതിന് മുന്നോടിയായി കഥകളിയിലെപ്പോലെ കേളി കൊട്ടി അറിയിക്കുന്ന സമ്പ്രദായമുണ്ട്. ഇലത്താളത്തിന്റെ രൂപത്തിലുള്ള ചാരല്,' തുകല് കൊണ്ടുള്ള മത്താളം' എന്നീ ഉപകരണങ്ങളാണ് വാദ്യത്തിനായി ഉപയോഗിക്കുന്നത്. ദേവതാവന്ദനത്തോടെയാണ് കളി ആരംഭിക്കുന്നത്. കൂത്ത് ആടുന്നവർ എന്ന് അർത്ഥമുള്ള കൂത്താടികളാണ് കളിയിലെ വേഷക്കാർ. പെൺത്താടികളും ആൺത്താടികളും രംഗത്ത് വരും. ആണുങ്ങൾ തന്നെയാണ് സ്ത്രീകളുടെ വേഷവും ചെയ്യുന്നത്. അരിപ്പൊടിയും വെളിച്ചെണ്ണയും ചേർന്ന കൂട്ടാണ് മുഖത്ത് തേക്കുന്നത്. കൈയിൽ വളയും കാലിൽ ചിലങ്കയും അണിയും. ആണുങ്ങൾ മുണ്ട് തറ്റുടുത്ത് തോർത്ത് തലയിൽ കെട്ടും. ഓരോ പുതിയ കഥാപാത്രം രംഗത്ത് വരുന്നതിന് മുന്നോടിയായി തിരശീല ഉയർത്തി പിടിക്കുകയും ആചാരപ്പാട്ട് പാടുകയും ചെയ്യും. കുലദേവതകളെ സ്മരിച്ചു കൊണ്ടുള്ളതാണ് ആചാരപ്പാട്ട്.

1. **മന്നാൻ സമുദായത്തിന്റെ അപൂർവത എന്ത് ?**

   (ഇവർ കാടുകളിൽ മാത്രം താമസിക്കുന്നു, പുറം ലോകവുമായി യാതൊരു ബന്ധവും ഇല്ല, കാട്ടുകനികൾ മാത്രം ഭക്ഷിക്കുന്നു, വ്യപസ്ഥാപിതമായ ഭരണ ക്രമം ഉണ്ട്)

2. **ഏതു ജില്ലയിലാണ് മന്നാൻ സമുദായക്കാർ ജീവിക്കുന്നത് ?**

   (ആലപ്പുഴ, കണ്ണൂർ, ഇടുക്കി, വയനാട്)

3. **എന്താണ് മന്നാൻമാരുടെ കുടി ?**

   (മന്നാൻമാരുടെ താമസസ്ഥലം, മന്നാൻമാരുടെ ആരാധനാസ്ഥലം,
   മന്നാൻമാരുടെ പള്ളിക്കൂടം, മന്നാൻമാരുടെ രാജകൊട്ടാരം)

4. **ഏതു പഞ്ചായത്താണ് മന്നാൻമാരുടെ ആസ്ഥാനം ?**

   (മൂന്നാർ, മാന്നാർ,കാഞ്ചിയാർ,പെരുങ്കുടി)

**5. താഴെ പറയുന്നവരിൽ മന്നാൻ സമുദായത്തിൽ ഉൾപ്പെടാത്ത ഗോത്രസ്ഥാനീയൻ ആര് ?**

(ഇളയവട്ടം, തണ്ടക്കാരൻ, കുടിയാനവൻ,പെരുംകുടിരാജ)

**6. മന്നാൻകൂത്തിന്റെ മറ്റൊരു പേര് എന്ത് ?**

(കാലാവൂട്ട്, പ്രമാണിയൂട്ട്, കണ്ണകിയാട്ടം, കറകാട്ടം)

**7. കളിസ്ഥലം ഇടക്കിടെ വെള്ളം തളിച്ച് ശുദ്ധമാക്കുന്നത് എന്തുകൊണ്ട് ?**

(കളിക്കാർക്ക് ക്ഷീണം മാറാൻ, മൺമറഞ്ഞുപോയ കാരണവന്മാരുടെ സാന്നിദ്ധ്യം വേദിയിലുണ്ടാവുമെന്ന വിശ്വാസംകൊണ്ട്, ഭാവി തലമുറയ്ക്ക് നന്മഭവിക്കണം എന്ന ആഗ്രഹം ഉള്ളത് കൊണ്ട്, പ്രകൃതിശക്തികളുടെ സന്തോഷത്തിന്)

**8. മന്നാൻകൂത്ത് ആരംഭിക്കുന്ന ചടങ്ങ് എന്ത് ?**

(കേളികൊട്ട്, തിരശീല നീക്കൽ, ദേവതാ വന്ദനം, ആരംഭപ്പാട്ട്)

**9. മന്നാൻകൂത്തുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന എന്ത് ?**

(കൂത്ത് ആടുന്നവർ എന്ന് അർത്ഥമുള്ള കൂത്താടികളാണ് കളിയിലെ വേഷക്കാർ, ആണുങ്ങൾ തന്നെയാണ് സ്ത്രീകളുടെ വേഷവും ചെയ്യുന്നത്, സ്ത്രീകളുടെ വേഷം ചെയ്യുന്നത് സ്ത്രീകൾ തന്നെയാണ്, അരിപ്പൊടിയും വെളിച്ചെണ്ണയും ചേർന്ന കൂട്ടാണ് മുഖത്ത് തേക്കുന്നത്)

**10. മന്നാൻ സമുദായത്തിലെ രാജാധികാരം എങ്ങനെയാണ് ലഭിക്കുന്നത് ?**

(മക്കത്തായം, മരുമക്കത്തായം,കുടുംബാധികാരം,ദേശാധികാരം)

## 2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരം എടുത്തെഴുതുക (8x1=8)

(a). അജ്ഞാതം എന്ന വാക്കിന്റെ വിപരീതപദം എന്ത് ?

(ജ്ഞാനം,വിജ്ഞാനം, ജ്ഞാതം, വിജ്ഞാതം)

(b). മഞ്ഞ് എന്ന പദത്തിന്റെ ശരിയായ പര്യായപദം എടുത്തെഴുതുക

(മഴ,നീഹാരം,നീരാവി,തുഹിനം)

(c). മകൻ എന്ന പദത്തിന്റെ ശരിയായ പര്യായപദം എടുത്തെഴുതുക

(തനയൻ,വിനയൻ,സുതൻ,സൂതൻ)

(d). കായം എന്ന പദത്തിന്റെ നാനാർത്ഥപദം ഏത്?

(ശരീരം, ഔഷധം, പൊരുൾ, ഊണം)

(e). ചിരം-ചീരം ഇവയുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക

(കൊമ്പ്, വളരെ, തീരം, മരവുരി)

(f). "ദ്രോണരുടെ പുത്രൻ എന്നതിന്റെ ശരിയായ ഒറ്റപ്പദമേത്?.

(ദ്രാണി, ദ്രോണപുത്രൻ ദ്രൗണി, അശ്വത്ഥാമാവ്)

(g). ഭ്രാതാവ് - എന്ന പദത്തിന്റെ എതിർലിംഗം എന്താണ്?

(ഭാതാവി, ഭഗിനി, ഭ്രാതാവിക, ഭ്രാതാവിനി)

(h). വൃദ്ധി എന്ന വാക്കിന്റെ വിപരീതപദം എന്ത് ?

(സമൃദ്ധി,ക്ഷയം,അഭിവൃദ്ധി, അഹിതം)

(i). മലർ എന്ന പദത്തിന്റെ നാനാർത്ഥപദം ഏത്?

(ഇല,നെൽപ്പൊരി, പൂവ്,ദളം)

(j). ഭോഗം- ഭേഗം ഇവയുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക

(സുഖം, തവള,മാറ്റം,അളവ്)

**3. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം കണ്ടെത്തി എഴുതുക (4x 2 = 8)**

**(a). ഓണക്കാലത്തുണരും ഞാൻ-തിരു-**

**വോണപ്പാട്ടുകളാണെൻ പാട്ടുകൾ"**

(i). **ആരെകുറിച്ചാണ് ഇവിടെ പറയുന്നത്?**

(മഹാബലിയെകുറിച്ച്, ഉണ്ണികളെകുറിച്ച്, പുലരിയെകുറിച്ച്, പുള്ളുവനെകുറിച്ച്)

(ii). **ആരാണ് ഈ കവിതയുടെ രചയിതാവ്**?

(വൈലോപ്പിള്ളി, കുമാരനാശാൻ, റഫീക്ക് അഹമ്മദ്,വയലാർ രാമവർമ്മ)

**(b). "പണ്ടു നിന്നെയൊരിളം കുരുന്നതായ്**

**കണ്ടു ഞാൻ, സപദി വല്ലിയായി നീ" -**

**i). ആരാണ് ഈ കവിതയുടെ രചയിതാവ്?**

(വൈലോപ്പിള്ളി, കുമാരനാശാൻ, റഫീക്ക് അഹമ്മദ്,വയലാർ രാമവർമ്മ)

**ii). ആര് ആരോട് പറയുന്ന വാക്കുകളാണിത് ?**

(നളിനി ദിവാകരനോട്, രാമൻ ലക്ഷ്മണനോട്, സീത രാമനോട്, ദിവാകരൻ നളിനിയോട്)

**(C). "ഊട്ടുദൈവങ്ങളും കാരണവർമാരും സംസാരിക്കുന്നത് പോലെ തോന്നി"**

**i). ആർക്കാണ് ഇങ്ങനെ തോന്നിയത് ?**

(കുട്ട്യസൻമാപ്ലക്ക്, നീലിക്ക്, വെള്ളായിയപ്പന്,വഴിയാത്രക്കാരന്)

**ii).ഏതു കൃതിയിലെ വാക്കുകളാണ് ഇത് ?**

(പണയം,അമ്മത്തൊട്ടിൽ,റേഡിയോ,കടൽത്തീരത്ത്)*

**(d). "സ്നേഹം കൊണ്ട് ഒന്നായവർ തമ്മിൽപ്പോലും കാരണാന്തരങ്ങളാൽ ഉണ്ടായിത്തീരുന്ന ദ്വേഷമത്സരങ്ങൾ ആഘാതപ്രത്യാഘാതരൂപേണ വളർന്ന് കൊടിയ യുദ്ധമായി പരിണമിച്ചു. തലമുറകളിലൂടെ വീണ്ടും പ്രതികാരേച്ഛയായി ഈട്ടം കൂടി........"**

**i). ആരുടെ വാക്കുകളാണിത് ?**

(ദുര്യോധനൻ,ശ്രീകൃഷ്ണൻ,കുട്ടികൃഷ്ണമാരാർ, അശ്വത്ഥാമാവ്)

**ii).ഏതു സാഹിത്യ വിഭാഗമാണ് പാഠഭാഗം?**

(പുരാണം,നോവൽ,ആത്മകഥ,സാഹിത്യവിമർശനം)

**(e)." ഒരച്ച് നോക്കാണ്ടന്നെ പറയും,ഇത്ര ചെമ്പ്,ഇത്ര സ്വർണ്ണം!"**

**(i). ആരുടെ കഴിവാണ് ഇവിടെ പരാമർശിക്കുന്നത്?**

(മത്തായിമാപ്പിളയുടെ, ചാക്കുണ്ണിയുടെ, ചാക്കോരു മാപ്പിളയുടെ, മരയ്ക്കാരുടെ)

**(ii) ആരുടേതാണീ വാക്കുകൾ?**

(ചാക്കുണ്ണിയുടെ, ചെമ്പുമത്തായിയുടെ, ചാക്കോരു മാപ്പിളയുടെ, മരയ്ക്കാരുടെ)

**4. ഏതെങ്കിലും നാലെണ്ണ ത്തിന് മാത്രം ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം കണ്ടെത്തി എഴുതുക** **(4x4 = 16)**

**(a). "ഗുരു ഘാതികൾക്ക് കുലപാംസന, ലോകങ്ങളില്ല**

**i). ആര് പറഞ്ഞ വാക്കുകളാണിത്?**

(കുട്ടികൃഷ്ണമാരാർ, ദ്രൗണി,ദുര്യോധനൻ, അശ്വത്ഥാമാവ്)

**ii).ആരോട് പറഞ്ഞ വാക്കുകളാണിത്?**

(കംസനോട്, ദുര്യോധനനോട് കൃതവർമാവിനോട്, ദൃഷ്ടദ്യുമ്നനോട്)

**iii). ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?**

(പക, അവജ്ഞ, പുച്ഛം,സ്നേഹം)

**iv).ഏതു കൃതിയിൽ നിന്നെടുത്തതാണീ വാക്കുകൾ ?**

(യുദ്ധവും സമാധാനവും,രാമായണം, മഹാഭാരതം, ഭാരതപര്യടനം)

**(b) "ആ സാധനം ഞാനെടുത്ത് ഒര് നമ്പരിട്ട് മാറ്റിവച്ചു. നൂറ്റി ഇരുപത്തിയൊമ്പത്.**

**നെനക്കറിയാലോ - കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല"**

**(i). ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?**

(പക, അവജ്ഞ, സ്നേഹം,സന്തോഷം )

**(ii).ഏതു കൃതിയിൽ നിന്നെടുത്തതാണീ വാക്കുകൾ?**

(പണയം, ഭാരതപര്യടനം,കടൽത്തീരത്ത്, ഓണമുറ്റത്ത്)

**(iii). ആര് പറഞ്ഞ വാക്കുകളാണിത്?**

(ചെമ്പുമത്തായി, ചാക്കുണ്ണി, വെള്ളായിയപ്പൻ,വഴിയാത്രക്കാരന്)

**(iv).ആരാണ് ഈ കൃതിയുടെ രചയിതാവ് ?**

(കുട്ടികൃഷ്ണമാരാർ,ഓ.വി.വിജയൻ, ഇ .സന്തോഷ് കുമാർ,
കുമാരനാശാൻ)

**(c). "പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖ സഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു"**

**i) ഈ കഥയ്ക്ക് പശ്ചാത്തലമായ ഗ്രാമം ഏതാണ്?**

(നരിപ്പറ്റ, പാഴുതറ, കണ്ണൂർ,പ്ലാച്ചിമട)

**ii). ഏതു കഥയിലെതാണ് ഈ വരികൾ?**

(ആശാന്തി, ഗുരുസാഗരം, കടൽത്തീരത്ത്,പണയം)

**iii). ഈ കഥാകാരന്റെ അതിപ്രശസ്തമായ നോവൽ ഏത്?**

(അയൽക്കാർ, ദ്രൗപതി, ഖസാക്കിന്റെ ഇതിഹാസം,ഭാരതപര്യടനം)

**iv). ആരുടെ യാത്രയാണ് ഈ കഥ?**

**(ചാക്കുണ്ണിയുടെ,മത്തായിയുടെ, വെള്ളായിയപ്പന്റെ, നീലിയുടെ)**

**(d). നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു-**

**മുന്നമേ ഞാനെടോ,നിന്നുള്ളിലെപ്പൊഴും**

**(i). ഏതു കൃതിയിൽ നിന്നെടുത്തതാണീ വാക്കുകൾ?**

(ലക്ഷ്മണസാന്ത്വനം, ഭാരതപര്യടനം,ഓണമുറ്റത്ത്, പ്രിയദർശനം)

**(ii). ഇവിടെ 'നിന്നുടെ' എന്ന പദം ആരെക്കുറിച്ചാണ് ?**

(ദിവാകരൻ,നളിനി,രാമൻ, ലക്ഷ്മണൻ)

**(iii). ഈ വാക്കുകളിൽ പ്രകടമാവുന്ന ഭാവം എന്ത് ?**

(ആവേശം, ആനന്ദം, സ്നേഹം,വിദ്വേഷം)

**(iv). ആരാണ് ഈ കൃതിയുടെ രചയിതാവ് ?**

(കുമാരനാശാൻ, എഴുത്തച്ഛൻ, റഫീക്ക് അഹമ്മദ്, ഓ.എൻ.വി)

**(e). പെറ്റുകിടക്കും തെരുവ്പട്ടിക്കെന്തൊ-**

**രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു"**

**(i) . ഈ വരികളിൽ പ്രകടമാവുന്ന ഭാവം എന്ത് ?**

(മാതൃസ്നേഹം, പുത്രസ്നേഹം, ദേഷ്യം, കരുതൽ)

**(ii). ആരാണ് ഈ കൃതിയുടെ രചയിതാവ് ?**

(കുമാരനാശാൻ, എഴുത്തച്ഛൻ, ഓ.എൻ.വി, റഫീക്ക് അഹമ്മദ്)

**(iii). മകന് ഈ അനുഭവം ഉണ്ടാകുന്നത് ഇവിടെ വെച്ചാണ് ?**

**(പെരുമാളിന്റെ സമീപത്ത്, ആശുപത്രിക്ക് സമീപത്ത്, സ്കൂളിന്റെ സമീപത്ത്, കടൽത്തീരത്ത്)**

**(iv).മകൻ അമ്മയെ ഉപേക്ഷിക്കുന്നത് എന്തുകൊണ്ട്?**

**(അയാൾക്ക് അമ്മയെ ഇഷ്ടം അല്ലാത്തതിനാൽ , ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി, അമ്മ രോഗി ആയതിനാൽ, അമ്മക്ക് വീട്ടിൽ നിൽക്കാൻ ആഗ്രഹം ഇല്ലാത്തതിനാൽ)**

## ബി. വിഭാഗം / Section : B

**5 (a). പ്രയോഗം മാറ്റുക** **(2 x 1 = 2 )**

i) അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി

ii) ബസ്സിലെ യാത്രക്കരാൽ ചാക്കുണ്ണി ആദരവോടെ നോക്കപ്പെട്ടു.

**(b ). അംഗവാക്യവും അംഗിവാക്യവും വേർതിരിച്ച് എഴുതുക** **(2 x 1 = 2 )**

**i).** മകന് നല്ല ജീവിതം കൊടുക്കാൻ വേണ്ടി അമ്മ പട്ടിണി കിടന്നു

ii) കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തെ വരികയാൽ ബഞ്ചിലെ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റു പോയി.

**(c). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2 x 1 = 2 )**

i) തന്റെ ജനനത്തെയും ജീവിതത്തെ കുറിച്ചും കൊടുംനിരാശയുടെ ആ നിമിഷത്തിന് ശേഷം ഇന്നു താൻ അയാളെ കണ്ടതുവരെയുള്ള കാര്യങ്ങളും ഒക്കെ സിദ്ധാർഥൻ പറഞ്ഞു

ii).ഒരു ചലച്ചിത്രത്തിലെന്ന പോലെ വായനക്കാരന്റെ മനസ്സിൽ ദ്രിശ്യാനുഭവം പകർന്നു നൽകാൻ ചെറുകഥകൾക്ക് കഴിയുന്നുണ്ട്.

**(d). അർത്ഥം മാറാതെ വിധി വാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക** **(2 x 1 = 2 )**

i). നൂല് കോർത്തു കുഴിഞ്ഞു പോയ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു.

ii). ആകാശത്തിന്റെ നിഴൽപോലെ ഭൂമിയിൽ വെളിച്ചമുണ്ട്.

**(e). ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക** **(2 x 1 = 2 )**

i). അതിജീവനം ii). നന്മമരം iii). സഹാനുഭൂതി

**6. (a) .ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക** **(5x 1 = 5 )**

**i). കോവിഡാനന്തര ലോകം- പ്രശ്നങ്ങൾ -പ്രതീക്ഷകൾ**

**ii). മഹാമാരികൾ നമ്മുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ**

**(b). കോവിഡ്  കാലത്ത് സ്തുത്യർഹമായ സേവനം നടത്തിയ ആരോഗ്യ പ്രവർത്തകരെ അനുമോദിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് കത്തെഴുതുക.** `  **(5x 1 = 5 )**

**(c). നിങ്ങളുടെ വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥിക്ക് ലഭിച്ച നേട്ടത്തെ കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക.** **(5x 1 = 5 )**

**7(a). താഴെ കൊടുത്ത ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന്  ഉത്തരം എഴുതുക** **(3x 1 = 3 )**

(i). പണയം എന്ന കഥയിൽ ചാക്കുണ്ണിയുടെ ജീവിതത്തിൽ റേഡിയോ  ഉണ്ടാക്കിയ സ്വാധീനം  വിശദമാക്കുക.

(ii). "സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വെച്ചു മുങ്ങിപ്പോയി"- സന്ദർഭവും, ആശയവും  വിശദമാക്കുക.

**(b ). താഴെ കൊടുത്ത ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(3 x 2 = 6)**

**(i). നീളും മലയുടെ ചങ്ങല വട്ടയിൽ**
**നാളം പാടലവിരലാൽ നീട്ടിയു-**
**മോമൽ ക്കവിളു തുടുത്തും തെല്ലൊരു**
**നാണത്തോടു പരുങ്ങിയൊരുങ്ങിടു-**
**മോണക്കോടിയുടുത്തൊരുഷസ്സേ - വിശദമാക്കുക**

**(ii)."പാന്ഥർ പെരുവഴിയമ്പലം തന്നിലേ**
**താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ**
**നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയും**
**മെത്രയും ചഞ്ചലമാലയസംഗമം"- ആശയം വിശദമാക്കുക.**

**(iii). "എങ്ങിനികൊണ്ടിറക്കേണ്ടുസ്വയംബുദ്ധി-**
**കെട്ടുകരിന്തിരിയാളുംവരെയവർ**
**ഒന്നെന്നെകൊണ്ടുപോയീടേണമെന്നുള്ള**
**ശല്യപ്പെടുത്തൽപ്രതിഷ്ഠിച്ചകോവിലിൽ -**
**സന്ദർഭവും ആശയവും വിശദമാക്കുക**

**8. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **( 2 x 3 = 6 )**

**(i).** ചട്ടമ്പിസ്വാമികളെ വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് വിളിക്കാൻ ഉള്ള കാരണങ്ങൾ വിശദമാക്കുക.

(ii).ശ്രീനാരായണ ഗുരുവുമായി ഉള്ള ചട്ടമ്പിസ്വാമികളുടെ കൂടിക്കാഴ്ച പുതിയ ചില ചിന്തകൾക്ക് ഉള്ള തുടക്കം ആയിരുന്നു - വിശദമാക്കുക

(iii) അഴിമതിക്കാരായ ഉദ്യോഗസ്ഥന് ചട്ടമ്പിസ്വാമി നൽകിയ പാഠം എന്തായിരുന്നു ?